# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 8102/11/12/2023/ TVM**

പരാതികക്ഷി : അഭിജിത്ത്.എ,ഞാറ്റടിയിൽ വീട്
കട്ടച്ചൽറോട്,വട്ടിയൂർക്കാവ്,
തിരുവനന്തപുരം

എതിർകക്ഷികൾ : ശ്രീ.റ്റോബീഷ്,ആംബുലൻസ് ഡ്രൈവർ
പേരൂർക്കട ജില്ലാ ആശുപത്രി

**ഉത്തരവ് തീയതി 09.05.2024**

പരാതിക്കാരന്റെ മാതാവ് ശ്രീമതി ഷീബ അജയകുമാർ വൃക്കകൾ തകരാറിലായതിനാൽ കോസ്മോ പൊളിറ്റൻ ആശുപത്രിയിൽ ചികിത്സയിലായിരുന്നുവെന്നും, നിരന്തരം ഡയാലിസിന് വിധേയമാകേണ്ടതിനാൽ 14/12/2022 മുതൽ പേരൂർക്കട ജില്ലാ മോഡൽ ആശുപത്രിയിൽ ഡയാലിസ് നടത്തിവരുന്നതായും, 16.05.2023 തീയതി ഡയാലിസ് ആരംഭിച്ചപ്പോൾ അമ്മയ്ക്ക് ശ്വാസ തടസ്സം നേരിടുകയും ബ്ലഡ് പ്രഷറിൽ വ്യതിയാനം ഉണ്ടാകുകയും ചെയ്തതിനെ തുടർന്ന് ആരോഗ്യനില വഷളാകുകയും ടിയാളെ മെഡിക്കൽ കോളെജ് ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുകയും തുടർന്ന് ഓക്സിജൻ മാസ്കിൻെറ സഹായത്തോടെ പേരൂർക്കട ആശുപത്രിയിലെ ആംബുലൻസിൽ കൊണ്ടുപോയതായും, എന്നാൽ വഴി മധ്യേ അമ്മയുടെ ആരോഗ്യനില വഷളായതിനെ തുടർന്ന് യാത്രാ മധ്യേയുള്ളതും അമ്മയുടെ ചികിത്സ നടത്തി വന്നിരുന്നതുമായ കോസ്മോ പൊളിറ്റൻ ആശുപത്രിയിൽ പ്രവേശിപ്പിക്കണമെന്ന് ആംബുലൻസ് ഡ്രൈവറെയും കൂടെയുണ്ടായിരുന്ന ആരോഗ്യ പ്രവർത്തകയെയും അറിയിച്ചെങ്കിലും അവർ അത് അനുസരിച്ചില്ലായെന്നും, മെഡിക്കൽ കോളെജ് ആശുപത്രിയുടെ കാഷ്വാലിറ്റിയ്ക്ക് സമീപമെത്തിയ രോഗിയെ ആശുപത്രിയിലേയ്ക്ക് മാറ്റുന്നതിനോ ആംബുലൻസിൽ നിന്നും പുറത്തിറക്കാനോ എതിർകക്ഷിയും കൂടെയുണ്ടായിരുന്നവരും തയ്യാറായിട്ടില്ലായെന്നും പരാതിയിൽ പറയുന്നു.

പിന്നീട് മെഡിക്കൽ കോളെജ് ആശുപത്രിയിൽ യഥാസമയം മതിയായ ചികിത്സ ലഭിക്കാത്തതിനാൽ മറ്റൊരു ആംബുലൻസിൽ അമ്മയെ കോസ്മോ പൊളിറ്റൻ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുകയും അവിടെ ഐ.സി.യു വിൽ ചികിത്സയിലിരിക്കെ രാത്രി 11.10 മണിയോടെ മരണപ്പെട്ടതായും, അമ്മയെ ചികിത്സിച്ചിരുന്ന കോസ്മോ പൊളിറ്റൻ

ആശുപത്രിയിൽ യാത്രാമധ്യേ എത്തിച്ചിരുന്നെങ്കിൽ ജീവൻ രക്ഷിക്കാമായിരുന്നുവെന്നും, ഇക്കാര്യത്തിൽ ആംബുലൻസ് ഓടിച്ചിരുന്ന എതിർകക്ഷിയുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുള്ളതായും, ആവശ്യമായ നടപടി ഉണ്ടാകണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി സൂപ്രണ്ട് ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. പരാതികക്ഷിയുടെ മാതാവ് ശ്രീമതി.ഷീബ അജയകുമാർ ടി ആശുപത്രിയിൽ ഡയാലിസ് ചെയ്തിരുന്നതായും, 16/05/2023 തീയതി ഡയാലിസിസ് പൂർത്തിയായതിനുശേഷം 3.50 മണിയോടുകൂടി രോഗിയ്ക്ക് പെട്ടെന്ന് ശ്വാസ തടസ്സം ഉണ്ടാകുകയും ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോ.മഞ്ജുവിന്റെ നിർദ്ദേശ പ്രകാരം മെഡിക്കൽ കോളെജ് ആശുപത്രിയിലേക്ക് റഫർ ചെയ്തതായും, രോഗിയുടെ അവസ്ഥ അതീവ ഗുരുതരമായതിനാൽ ഡയാലിസിസ് യൂണിറ്റിലെ നഴ്സിംഗ് അസിസ്റ്റന്റ് ശ്രീമതി.ഗീത.എസ് നെയും രോഗിയോടൊപ്പം അയച്ചിരുന്നതായും, ആംബുലൻസ് ഈ ആശുപത്രിയിൽ നിന്നും പുറപ്പെടുന്നതിനുമുമ്പ് രോഗിയോടൊപ്പം ഉണ്ടായിരുന്ന ശ്രീ.അഭിജിത്തിന്റെ ഭാര്യ രോഗിയെ കോസ്മോയിലേയ്ക്ക് കൊണ്ടു പോകുവാൻ ആവശ്യപ്പെട്ടിരുന്നതായും, എന്നാൽ ആംബുലൻസ് ഡ്രൈവറായ ശ്രീ.റ്റോബിഷ് ഈ ആശുപത്രിയിലെ ഡ്യൂട്ടി മെഡിക്കൽ ഓഫീസറുടെ നിർദ്ദേശ പ്രകാരം എം.സി.എച്ച് ലേയ്ക്ക് കൊണ്ടുപോകുവാൻ കഴിയുകയുള്ളൂവെന്ന് അറിയിച്ചതായും തുടർന്ന് കൃത്യസമയത്ത് രോഗിയെ മെഡിക്കൽ കോളെജ് ആശുപത്രിയിൽ എത്തിച്ചതായും, ഓക്സിജൻ ട്രോളി എടുക്കുവാനായി കാഷ്വാലിറ്റിയുടെ ഉള്ളിലേയ്ക്ക് പോയസമയം രോഗിയോട് ഒപ്പമുണ്ടായിരുന്ന വ്യക്തി ആംബുലൻസിലേയ്ക്ക് കയറുകയും രോഗിയുടെ ഓക്സിജൻ മാസ്ക് മാറ്റി മറ്റൊരു ട്രോളിയിലേയ്ക്ക് രോഗിയെ മാറ്റിയതായും റിപ്പോർട്ടിൽ കാണുന്നു.

ഈ ആശുപത്രിയിൽ നിന്നു ഓക്സിജൻ ഉൾപ്പെടെയുള്ള ക്രമീകരണങ്ങളോടെ മെഡിക്കൽ കോളെജ് ആശുപത്രിയിലേയ്ക്ക് അയച്ച ഗുരുതരാവസ്ഥയിലുള്ള രോഗിയെ മെഡിക്കൽ കോളെജ് ആശുപത്രിയിലെ കാഷ്വാലിറ്റിയിലെ ഡോക്ടറെ കാണിക്കാതെ മറ്റൊരു ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയത് ശരിയായ നടപടിയായി കരുതുന്നില്ലായെന്നും, രോഗിയെ മെഡിക്കൽ കോളെജിൽ കാണിച്ചതിനുശേഷം ആവശ്യമെങ്കിൽ അവിടെയുള്ള ഡോക്ടറുടെ ഉപദേശം കൂടി സ്വീകരിച്ച് അവർക്ക് ഓക്സിജൻ സൗകര്യത്തോടെ വേണമെങ്കിൽ പ്രൈവറ്റ് ആശുപത്രിയിൽ കൊണ്ടുപോകാമായിരുന്നുവെന്നും, ഭാവിയിൽ ഇപ്രകാരമുള്ള സാഹചര്യങ്ങളിൽ രോഗിയോ ബന്ധുക്കളോ രേഖാമൂലം ആവശ്യപ്പെട്ടാൽ പ്രൈവറ്റ് ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും, എന്തെങ്കിലും സംശയമുണ്ടായാൽ ആർ.എം.ഒ യുമായി ബന്ധപ്പെട്ട്

അഭിപ്രായം തേടണമെന്നും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, ടി റ്റോബിഷിന് മേലിൽ ഇത്തരം സംഭവം ആവർത്തിക്ക[illegible]രുതെന്ന് താക്കീത് ചെയ്തിട്ടുള്ളതായും റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. രോഗിയെയും കൊണ്ട് പേരൂർക്കട ജില്ലാ ആശുപത്രിയിൽ നിന്നും പുറപ്പെടുന്നതിനു മുമ്പ് തന്നെ രോഗിയൊടൊപ്പമുള്ളയാൾ കോസ്മോ പൊളിറ്റൻ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുവാൻ ആവശ്യപ്പെട്ടതായി റിപ്പോർട്ടിലും കാണുന്നുണ്ട്. അപ്പോൾ തന്നെ റഫർ ചെയ്ത ഡോക്ടറുടെ അഭിപ്രായം ആംബുലസ് ഡ്രൈവറായ എതിർകക്ഷി തേടേണ്ടതായിരുന്നു. ഗുരുതരാവസ്ഥയിലുള്ള രോഗിയുടെ അവസ്ഥ മനസ്സിലാക്കി പക്വതയോടെ പെരുമാറാൻ എതിർകക്ഷിക്ക് കഴിഞ്ഞിട്ടില്ലായെന്നുവേണം അനുമാനിക്കാൻ. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള കർശന നടപടി ഉണ്ടാകേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി സൂപ്രണ്ട്, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ (i/c)